(എ) വിദഗ്ദ്ധമായ രീതിയിൽ സേവന തൽപ്പരതയോടെ ജോലി നോക്കുന്ന ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് അർഹമായ പരിഗണന നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മാതൃകാപരമായി ഡ്യൂട്ടി നോക്കുന്ന തലശ്ശേരി ട്രാഫിക് പോലീസിനെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് അർഹമായ പരിഗണന നൽകുമോ?

ഉത്തരം

(എ) ആംഡ് റിസർവിൽ നിന്നും ലോക്കൽ പോലീസിലേക്ക് മാറ്റം ലഭിക്കുന്ന എല്ലാ പോലീസുകാരേയും ഒരു ചുരുങ്ങിയ കാലയളവിലേക്ക് ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. ട്രാഫിക് ഡ്യൂട്ടി നോക്കുന്നത് പോലീസുകാരുടെ ജോലിയുടെ ഭാഗമായതിനാൽ അവർക്ക് പ്രത്യേക പരിഗണനയുടെ ആവശ്യം ഉദിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) തലശ്ശേരി ട്രാഫിക് ഡ്യൂട്ടിയിൽ പ്രശസ്ത സേവനം കാഴ്ചവച്ച ഒരു എ.എസ്.ഐ.യ്ക്കും ഒരു പോലീസ് കോൺസ്റ്റബിളിനും അനുയോജ്യമായ റിവാർഡ് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(1683) പോലീസ് കോൺസ്റ്റബിൾ നിയമനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനുവേണ്ടി പി.എസ്.സി. ലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാപേർക്കും നിയമനം നൽകിയോ;

(സി) സപ്ലിമെന്ററി ലിസ്റ്റിൽ സെലക്ട് ചെയ്യപ്പെട്ടവർക്കും നിയമനം നൽകിത്തുടങ്ങിയോ;

(ഡി) സപ്ലിമെന്ററി ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ഗവണ്മെന്റിന്റെ അനുവാദം ആവശ്യമുണ്ടോ;

(ഇ) എങ്കിൽ അനുവാദം നൽകുന്നതിനുള്ള കാലവിളംബം ഒഴിവാക്കുമോ;

(എഫ്) സപ്ലിമെന്ററി ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുകൂടി നിയമനം ലഭിക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടിയുള്ള എസ്.എ.പി. ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾമാരെ നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് 21.7.97-ൽ നിലവിൽ വന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കെ.എ.പി.-3 എസ്.എ.പി. എന്നിവയിലായി ആകെ 2308 പേർക്ക് നിയമനം നടത്തിയിട്ടുണ്ട്. ഈ ലിസ്റ്റ് തീർന്നതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി)-(എഫ്) ഉദിക്കുന്നില്ല.

(1693) കെ.എ.പി. മൂന്നാം ബറ്റാലിയൻ റാങ്ക് ലിസ്റ്റ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. 3-ാം ബറ്റാലിയനിലേക്ക് നിയമനത്തിനായി പോലീസ് കോൺസ്റ്റബിൾ റാങ്ക്ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ഈ റാങ്ക്ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

(സി) കെ.എ.പി. 3-ാം ബറ്റാലിയനിൽ ഇപ്പോൾ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുണ്ടോ; എങ്കിൽ എത്ര ഒഴിവു വീതമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 977 പേരെ

(സി) കെ.എ.പി. മൂന്നാം ബറ്റാലിയനിൽ 51 ഒഴിവുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള ഒഴിവുകളുടെ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(1696) എറണാകുളം കെ.എ.പി. ബറ്റാലിയനിലെ നിയമനം

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എ.പി. ബറ്റാലിയനിൽ നിയമനം നൽകുന്നതിന് 1997 ജൂലൈയിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര പേരെ കൂടി നിയമിക്കുന്നതിനുള്ള ഒഴിവുകൾ ഉണ്ട്;

(സി) ഇതേ ലിസ്റ്റിനോടൊപ്പം നിലവിൽ വന്ന ലിസ്റ്റുകളിലെ മുഴുവൻ ഉദ്യോഗാർത്ഥികളെയും എസ്.എ.പി. എം.എസ്.പി. കെ.എ.പി. 4 എന്നീ ബറ്റാലിയനുകളിൽ നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എറണാകുളം കെ.എ.പി. ബറ്റാലിയൻ എന്നൊന്ന് നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയ്ക്കുവേണ്ടി (എറണാകുളം റൂറൽ ആന്റ് കൊച്ചി സിറ്റി) രൂപീകരിച്ചിട്ടുള്ള കെ.എ.പി. 1-ാം ബറ്റാലിയനിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 992 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ 215 ഒഴിവുകൾ ഉണ്ട്.

(സി) ഓരോന്നിലും നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly